കേരള സർക്കാർ

തൊഴിലും നൈപുണ്യവും വകുപ്പ്

# ലേബർ കമ്മീഷണറുടെ കാര്യാലയം

തൊഴിൽഭവൻ, വികാസ്ഭവൻ.പി.ഒ., തിരുവനന്തപുരം-695 033

Website: www.lc.kerala.gov.in, Email: labourpublicity@gmail.com

---

പ്രസ്സ് റിലീസ് **28.06.2017**

**ലേബർ പബ്ലിസിറ്റി ഓഫീസ്**
**ഫോൺ നമ്പർ : 0471 2783908**

## നഴ്സുമാരുടെ വേതന വർധനവ് : ഒരു മാസത്തിനുള്ളിൽ പ്രശ്നപരിഹാരത്തിന് നടപടികൾ സ്വീകരിക്കും-തൊഴിൽ മന്ത്രി

സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിലെ നഴ്സുമാരുടെ ശമ്പള വർധനവ് സംബന്ധിച്ച പ്രശ്ന പരിഹാരത്തിന് ഒരുമാസത്തിനുള്ളിൽ സർക്കാർ നടപടികൾ സ്വീകരിക്കുമെന്ന് തൊഴിൽ-നൈപുണ്യം എക്സൈസ് വകുപ്പു മന്ത്രി ടി.പി.രാമകൃഷ്ണൻ വ്യക്തമാക്കി.

വേതന വർധനവ് സംബന്ധിച്ച കാര്യങ്ങൾ സർക്കാരിന്റെ സജീവ പരിഗണനയിലാണ്. അഭിപ്രായ സമന്വയത്തിലൂടെ വേതന വർധനവ് നടപ്പാക്കാൻ സർക്കാർ ശ്രമിക്കുമെന്നും മന്ത്രി പറഞ്ഞു.

സ്വകാര്യ ആശുപത്രികൾ, ഡിസ്പെൻസറികൾ എന്നിവയടക്കമുള്ള സ്ഥാപനങ്ങളിൽ സേവനമനുഷ്ഠിക്കുന്നവരുടെ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിന് നിർദേശം തയാറാക്കി സമർപ്പിക്കാൻ സ്വകാര്യ ആശുപത്രി വ്യവസായ ബന്ധ സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

നഴ്സുമാരുടെ വേതനം സംബന്ധിച്ച എല്ലാ സാഹചര്യവും പരിശോധിച്ച് ശിപാർശ സമർപ്പിക്കാനാണ് നിർദേശം നൽകിയിട്ടുള്ളത്. സമിതി ഇതിനോടകം ബന്ധപ്പെട്ടവരിൽ നിന്നും തെളിവെടുപ്പ് നടത്തി നടപടിക്രമങ്ങൾ പൂർത്തിയാക്കി വരുന്നു. ഈ നിർദേശങ്ങൾ മിനിമം വേജസ് അഡൈ്വസറി ബോർഡ് പരിശോധിച്ച് സർക്കാരിന് ശിപാർശ സമർപ്പിക്കുന്ന മുറയ്ക്ക് സർക്കാർ എത്രയും വേഗം തീരുമാനം കൈക്കൊള്ളുമെന്ന് മന്ത്രി വ്യക്തമാക്കി.

ജീവനക്കാരുടെ ജീവിത സാഹചര്യം, കുറഞ്ഞ വേതനം, തുല്യ ജോലിക്ക് തുല്യ വേതനം എന്നീ മാനദണ്ഡങ്ങൾ കൂടി പരിഗണിച്ച് വേതനവർധനവ് നടപ്പിലാക്കുന്ന കാര്യത്തിൽ അഭിപ്രായ സമന്വയത്തിലെത്താൻ ആശുപത്രി മാനേജുമെന്റുകൾ മുൻകൈ എടുക്കണം.വിഷയം രമ്യമായി പരിഹരിച്ച് വേതന വർധനവ് നടപ്പാക്കാൻ മാനേജ്മെന്റുകളും ജീവനക്കാരുടെ സംഘടനകളും സർക്കാരുമായി സഹകരിക്കണമെന്ന് മന്ത്രി ആവശ്യപ്പെട്ടു.

പ്രശ്ന പരിഹാരത്തിന് സർക്കാർ നടപടികൾ സ്വീകരിക്കാൻ തയാറെടുക്കുകയാണ്.സംസ്ഥാനത്തെ ജനങ്ങൾക്കാകെ ആശുപത്രികളിൽ നിന്നും ജീവനക്കാരുടെ സേവനം ഏറ്റവും ആവശ്യമായിട്ടുള്ള സാഹചര്യത്തിൽ പ്രക്ഷോഭ പരിപാടികൾ മാറ്റി വച്ച് ജീവനക്കാരും മാനേജ്മെന്റുകളും സർക്കാരുമായി സഹകരിച്ച് മുന്നോട്ട് പോകാൻ തയാറാകണമെന്നും മന്ത്രി ആവശ്യപ്പെട്ടു.

**ലേബർ പബ്ലിസിറ്റി ഓഫീസർ**
**9846063499**